# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് ഏഴ്

## സ്ഥലം സഭകൾ

വെളിപ്പാട് പുസ്തകം വളരെ നല്ല രീതിയിൽ രചിക്കപ്പെട്ടതാണ്. പ്രത്യക്ഷത്തിൽ, ഒന്നാം അധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യത്യസ്തമായ കാര്യങ്ങൾ തമ്മിൽ ബന്ധമില്ലാത്തവയാണ്. എന്നാൽ നമ്മുടെ അനുഭവത്തിന്റെ വീക്ഷണത്തിൽ നാം അവയെ സമീപിക്കുന്നുവെങ്കിൽ, അവ ഒരു നല്ല ക്രമത്തിൽ അന്യോന്യം പിന്തുടരുന്നുവെന്നു നാം കാണും. കഴിഞ്ഞ രണ്ടു ദൂതുകളിൽ നാം കർത്താവിന്റെ മടങ്ങിവരവിന്റെയും അവന്റെ കഷ്ടതയിലും, രാജ്യത്തിലും, സഹിഷ്ണുതയിലും സഹപങ്കാളികളായിരുന്നുകൊണ്ട് അവനുവേണ്ടിയുള്ള നമ്മുടെ കാത്തിരിപ്പിന്റെയും വിഷയങ്ങളെക്കുറിച്ച് വിവരിച്ചു. ഇപ്പോൾ ഈ ദൂതിൽ നാം സ്ഥലം സഭകളിലേക്കു വരുന്നു. സ്ഥലം സഭകളെക്കുറിച്ചുള്ള ഈ ദൂത് മുമ്പിലത്തെ രണ്ടു ദൂതുകളുമായി ബന്ധമില്ലാത്തതാണെന്നു തോന്നാം. എന്നാൽ നമ്മുടെ അനുഭവമനുസരിച്ച് ഈ മൂന്നു ദൂതുകളും പരസ്പരബന്ധമുള്ളതാണെന്നു നമുക്കറിയാം. കർത്താവായ യേശുവിന്റെ വീണ്ടുംവരവ് ചിലർ യേശുവിലുള്ള കഷ്ടതയും, രാജ്യവും, സഹിഷ്ണുതയും പങ്കുകൊള്ളുന്നത് ആവശ്യപ്പെടുന്നു. അങ്ങനെ ചെയ്യുവാനുള്ള ഏറ്റവും നല്ല മാർഗം സ്ഥലം സഭകളിൽ ആയിരിക്കുന്നതാണ്. സഭയ്ക്കു വെളിയിൽ ഈ മൂന്നു കാര്യങ്ങളിൽ പങ്കുകൊള്ളുന്നത് ഒരുവന് ബുദ്ധിമുട്ടാണ്.

## I. തിരുവെഴുത്തുകളിൽ ദിവ്യവെളിപാടിന്റെ പുരോഗതി

തിരുവെഴുത്തുകളിലെ ദിവ്യവെളിപാടിന്റെ പുരോഗതിയെ പരിഗണിക്കുന്ന രീതിയിൽ നമുക്ക് സ്ഥലം സഭകളെ സമീപിക്കാം. വേദപുസ്തകത്തിലെ ദിവ്യവെളിപാട് ദൈവത്തോടുകൂടെ ആരംഭിക്കുകയും സ്ഥലം സഭകളോടുകൂടെ പരിണതമാകുകയും ചെയ്യുന്നു. ഉല്പത്തിയിലെ ആദ്യത്തെ രണ്ട് അധ്യായങ്ങൾ, മുഴുവൻ പഴയനിയമത്തോടൊപ്പം, ദൈവത്തെക്കുറിച്ചുള്ള ഒരു വെളിപാടും, നാലു സുവിശേഷങ്ങൾ ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വെളിപാടും ആണ്. ഈ വസ്തുത ദിവ്യവെളിപാടിൽ ദൈവത്തിൽനിന്നു

ക്രിസ്തുവിലേക്കുള്ള പുരോഗതിയെ വെളിപ്പെടുത്തുന്നു. നാലു സുവിശേഷങ്ങളെത്തുടർന്ന് നമുക്ക് പ്രവൃത്തികളും ലേഖനങ്ങളും ഉണ്ട്; അവ മുഖ്യമായും ആത്മാവായ ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വെളിപാടാണ്. ഇക്കാരണത്താൽ, ആത്മാവിനെക്കുറിച്ചുള്ള വെളിപാട് വേദപുസ്തകത്തിലെ ദിവ്യവെളിപാടിന്റെ ഒരു തുടർച്ചയാണ്. ഇതിനെത്തുടർന്ന് സഭയെ വെളിപ്പെടുത്തിയിരിക്കുന്നു. അങ്ങനെ, വേദപുസ്തകത്തിൽ ദിവ്യവെളിപാടിന്റെ നാലു ഭാഗങ്ങളുണ്ട്: ദൈവത്തെ സംബന്ധിച്ചും, ക്രിസ്തുവിനെ സംബന്ധിച്ചും, ആത്മാവിനെ സംബന്ധിച്ചും, സഭയെ സംബന്ധിച്ചുമുള്ള ഭാഗങ്ങൾ.

യെഹൂദന്മാർക്ക് ഈ വെളിപാടിന്റെ ആദ്യഭാഗം മാത്രമേ ഉള്ളൂ, കാരണം പഴയനിയമത്തിലെ മുപ്പത്തൊമ്പത് പുസ്തകങ്ങൾ ദൈവത്തെ സംബന്ധിച്ച വെളിപാടു മാത്രമേ പറയുന്നുള്ളൂ. പഴയനിയമവും നാലു സുവിശേഷങ്ങളും ഉള്ളതുകൊണ്ട് മിക്ക ക്രിസ്ത്യാനികൾക്കും ഇതിലധികമുണ്ട്. അവർക്ക് മുഴുവൻ വേദപുസ്തകം ഉണ്ടെങ്കിലും, പ്രായോഗികമായി അവർക്ക് പഴയനിയമവും സുവിശേഷങ്ങളെക്കാൾ അല്പം കൂടുതലുമേയുള്ളൂ. പഴയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ അവർ ദൈവത്തെ അറിയുകയും, സുവിശേഷങ്ങളിൽ ക്രിസ്തുവിനെക്കുറിച്ചുള്ള സംഭവങ്ങൾ അറിയുകയും ചെയ്യുന്നുണ്ടാകാമെങ്കിലും, അവർക്ക് ജീവന്റെ ആത്മാവിനെക്കുറിച്ചോ സഭയെക്കുറിച്ചോ യാതൊന്നും അറിയില്ല. നിരവധി ക്രിസ്ത്യാനികളുടെയും ധാരണയിൽ സഭ ഭൗതികമായ ഒരു കെട്ടിടമാണ്. "നമുക്കു സഭയിലേക്കു പോകാം" എന്ന് അനേകം മാതാപിതാക്കളും ഞായറാഴ്ച രാവിലെ അവരുടെ മക്കളോടു പറയുന്നു. അവരുടെ ധാരണയനുസരിച്ച് സഭ ഒരു ബംഗ്ലാവോ, പൊക്കമുള്ള ഗോപുരത്തോടുകൂടിയ ഒരു കത്തീഡ്രലോ ആണ്. വിശുദ്ധവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ സഭയെക്കുറിച്ച് അവർക്ക് യാതൊന്നും അറിയില്ല.

കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ മറ്റുള്ള ക്രിസ്ത്യാനികൾ പഴയനിയമവും സുവിശേഷങ്ങളും മാത്രമല്ല, ലേഖനങ്ങളും ഉള്ള വേദപുസ്തകത്തെ അറിയുന്നതിൽ പുരോഗതി പ്രാപിച്ചതിനാൽ ദൈവത്തിനു സ്തോത്രം. ഈ ക്രിസ്ത്യാനികൾക്ക് ദൈവത്തെയും, ക്രിസ്തുവിനെയും, ആത്മാവിനെയും അറിയാം. തീർച്ചയായും അവർക്ക് ജീവന്റെ ആത്മാവിനെക്കുറിച്ച് അധികമൊന്നും അറിയില്ല. ആത്മാവിനെ മുഖ്യമായും അവരറിയുന്നത് സ്ഥാനത്തിനുവേണ്ടിയുള്ള ശക്തിയുടെ ആത്മാവായാണ്. ഉള്ളിൽ വസിക്കുന്ന ആത്മാവിനെക്കുറിച്ച് അവർക്ക് വളരെക്കുറിച്ചേ അറിയുകയുള്ളൂ. സഭയെ സംബന്ധിച്ച് ഈ ക്രിസ്ത്യാനികൾക്ക് കുറെയൊക്കെ അറിയാമെങ്കിലും, അവർ സ്ഥലം സഭകളെയല്ല, സാർവത്രിക സഭയെ മാത്രമേ കാണുന്നുള്ളൂ. എന്നാൽ വെളിപ്പാടിലെ ആദ്യത്തെ

മൂന്ന് അധ്യായങ്ങൾ സാർവത്രികസഭയെ സംബന്ധിച്ചുള്ളതല്ല; അവ സുനിശ്ചിതമായും സ്ഥലം സഭകളെ സംബന്ധിച്ചതാണ്.

ഇന്ന്, കർത്താവിന്റെ പ്രത്യുദ്ധാരത്തിലായിരിക്കുന്ന നമുക്ക് മുഴുവൻ വേദപുസ്തകമുണ്ട്: പഴയനിയമവും, സുവിശേഷങ്ങളും, പ്രവൃത്തികളും, ലേഖനങ്ങളും, വെളിപ്പാടും. ഞാൻ ബ്രദറൻ അസംബ്ലിയോടൊപ്പം ഏഴര വർഷം ഉണ്ടായിരുന്നു. ആ സമയം, ഞങ്ങൾ ദാനിയേൽ, വെളിപ്പാട് എന്നീ പുസ്തകങ്ങൾക്ക് വളരെയധികം ശ്രദ്ധ നല്കിയിരുന്നു. എങ്കിലും, വെളിപ്പാടിനെ സംബന്ധിച്ച് ഞാൻ കേട്ടതിൽ മിക്കതും മൃഗങ്ങളെയും പത്തു കൊമ്പുകളെയും കുറിച്ചായിരുന്നു. വെളിപ്പാട് പുസ്തകത്തിൽ സ്ഥലം സഭകൾ ഉണ്ടായിരുന്നുവെന്ന തോന്നൽ എനിക്കുണ്ടായിരുന്നില്ല. പുതിയ യെരൂശലേമിനെക്കുറിച്ചുപോലും ഞാൻ അധികമൊന്നും കേട്ടില്ല. അത് സ്വർഗീയ സൗധങ്ങളോടുകൂടെയുള്ള സ്വർഗത്തിലെ ഒരു നഗരമാണെന്നും, അതിന്റെ വീഥികൾ സ്വർണം പാകിയതാണെന്നും, അതിന്റെ വാതിലുകൾ മുത്തുകൾകൊണ്ടു നിർമിക്കപ്പെട്ടതാണെന്നും മാത്രമേ എന്നോടു പറഞ്ഞിരുന്നുള്ളൂ. ഇന്ന് നമ്മുടെ വെളിപ്പാട് പുസ്തകം ഇതുപോലെ അല്ലാത്തതുകൊണ്ട് കർത്താവിനെ സ്തുതിക്കുന്നു! നമ്മുടെ വെളിപ്പാട് പുസ്തകത്തിൽ മനുഷ്യപുത്രൻ നടുവിൽനിൽക്കുന്ന സ്ഥലം സഭകളും, ക്രിസ്തു കേന്ദ്രീയതയും സാർവത്രികതയുമായ പുതിയ യെരൂശലേമും ഉണ്ട്.

## A. ദൈവത്തെ സംബന്ധിച്ച്

ഇനി നമുക്ക് തിരുവെഴുത്തുകളിലെ ദിവ്യവെളിപാടിന്റെ പുരോഗതി വിശദമായി ചിന്തിക്കാം. ഒന്നാമതായി, ദൈവം അവനെത്തന്നെ നമുക്ക് വെളിപ്പെടുത്തുന്നു (ഉല്പ. 1:1). ഉല്പത്തി 1:26-ൽ "സർവശക്തൻ" എന്നർഥമുള്ള ഒരു എബ്രായപദമായ ഏലോഹീമായി ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നു. *ദൈവം* എന്ന പദം *ഏലോഹീം* എന്ന എബ്രായപദത്തിന്റെ തർജ്ജമയാണ്. ഇതിനെത്തുടർന്ന് ഉല്പത്തി 2:7-ൽ "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്നർഥമുള്ള യഹോവയായി ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നു. ദൈവം എന്നേക്കും നിലനിൽക്കുന്നവനായ വലിയവനായ ഞാൻ ആകുന്നവൻ ആണ്. എന്നേക്കും നിലനിൽക്കുന്നവൻ എന്ന നിലയിൽ അവൻ സകല അനുലോമ കാര്യങ്ങളുടെയും യാഥാർഥ്യമാണ്. യഹോവ എന്ന ഈ നാമം മനുഷ്യനുമായുള്ള അവന്റെ ബന്ധത്തിൽ ദൈവത്തെ സൂചിപ്പിക്കുന്നു. അവന്റെ സൃഷ്ടിപ്പിനെ സംബന്ധിച്ച്, ദൈവത്തെ ഏലോഹീമായി വെളിപ്പെടുത്തിയിരിക്കുന്നു; മനുഷ്യനുമായുള്ള അവന്റെ ബന്ധത്തെ സംബന്ധിച്ച്, അവനെ യഹോവയായി വെളിപ്പെടുത്തിയിരിക്കുന്നു. യഹോവ എന്നത്

യേശു എന്ന പേരിന്റെ പഴയനിയമ രൂപവും, യേശു എന്നത് യഹോവയുടെ പുതിയനിയമ രൂപവും ആണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, പഴയനിയമത്തിൽ യേശുവിനെ യഹോവ എന്നും പുതിയനിയമത്തിൽ യഹോവയെ യേശു എന്നും വിളിച്ചിരിക്കുന്നു. മുപ്പത്തൊമ്പത് പുസ്തകങ്ങളടങ്ങുന്ന മുഴുവൻ പഴയനിയമവും മുഖ്യമായും ഏലോഹീം, യഹോവ എന്നീ രണ്ടു ദിവ്യനാമങ്ങളുടെ ഒരു വെളിപാടാണ്.

## B. ക്രിസ്തുവിനെ സംബന്ധിച്ച്

ദിവ്യവെളിപാടിന്റെ പുരോഗതിയിലുള്ള രണ്ടാമത്തെ പടി ക്രിസ്തുവിനെ സംബന്ധിച്ച വെളിപാടാണ് (മത്താ. 1:1). ഒരു സമയത്ത്, ദൈവം യേശു ക്രിസ്തു എന്നു വിളിക്കപ്പെടുന്ന ഒരു മനുഷ്യനായി ജഡാവതാരം ചെയ്തു. അങ്ങനെ, പഴയനിയമത്തെ തുടർന്ന് യേശു ക്രിസ്തു എന്നു പേരുള്ള അത്ഭുതവാനായ ഒരു വ്യക്തിയെ വെളിപ്പെടുത്തുന്ന നാലു സുവിശേഷങ്ങൾ നമുക്കുണ്ട്. യേശു എന്ന പേരിന്റെ അർഥം മുഖ്യമായും രക്ഷകൻ എന്നും (മത്താ. 1:21), ക്രിസ്തു എന്ന ശീർഷകത്തിന്റെ അർഥം മുഖ്യമായും അഭിഷിക്തൻ എന്നും ആണ് (മത്താ. 16:16). യേശു നമ്മുടെ രക്ഷകൻ മാത്രമല്ല, ദൈവത്തിന്റെ അഭിഷിക്തനും, അഥവാ, ദൈവത്തിന്റെ നിയമിക്കപ്പെട്ടവനും ആണ്. ദൈവം തന്റെ നിത്യവ്യവസ്ഥ നിർവഹിക്കുവാൻ അവനെ നിയമിച്ചിരിക്കുന്നു. അവൻ നമ്മെ രക്ഷിക്കുന്ന യേശു മാത്രമല്ല, പിന്നെയോ ദൈവത്തിന്റെ നിത്യപദ്ധതി നിർവഹിക്കുന്ന ക്രിസ്തുവും ആണ്.

ക്രിസ്തുവിന് ദൈവത്തിന്റെ നിത്യപദ്ധതി നിർവഹിക്കണമെങ്കിൽ അവന് സഭയെ ആവശ്യമാണ്. സഭയെ ഉളവാക്കുന്നതിന് രണ്ടു കാര്യങ്ങൾ—വീണ്ടെടുപ്പും ജീവപകർച്ചയും—ആവശ്യമാണ്. വീണുപോയ, സൃഷ്ടിക്കപ്പെട്ട മനുഷ്യനെ വീണ്ടെടുത്തതിനുശേഷം വീണ്ടെടുക്കപ്പെട്ടവരിലേക്ക് ക്രിസ്തുവിന് ജീവനെ പകരണമായിരുന്നു. ഇതിനുവേണ്ടി, ജീവൻ-നല്കുന്ന ആത്മാവായ ജീവന്റെ ആത്മാവിന്റെ ആവശ്യമുണ്ട്. അതുകൊണ്ട്, നാലു സുവിശേഷങ്ങളെത്തുടർന്ന് നമുക്ക് പ്രവൃത്തികളിലും ലേഖനങ്ങളിലും വീണ്ടെടുപ്പും ജീവപകർച്ചയും ഉണ്ട്. ഈ പുസ്തകങ്ങളിൽ പലപ്പോഴായി ക്രിസ്തുവിന്റെ രക്തത്തെ പരാമർശിച്ചിരിക്കുന്നു. രക്തത്തോടുകൂടെ നമുക്ക് ആത്മാവുണ്ട്. രക്തം വീണ്ടെടുപ്പിനു വേണ്ടിയും, ആത്മാവ് ജീവപകർച്ചയ്ക്കുവേണ്ടിയും ആണ്. വീണ്ടെടുക്കപ്പെടുകയും വീണ്ടുംജനിപ്പിക്കപ്പെടുകയും ചെയ്തതിനുശേഷം നാം ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ജീവനുള്ള അവയവങ്ങളായിത്തീരുന്നു. സഭയെന്ന നിലയിൽ ശരീരമാണ് ക്രിസ്തുവിനാൽ ദൈവത്തിന്റെ നിത്യവ്യവസ്ഥ നിർവഹിക്കുവാനുള്ള ഉപാധി. ദൈവത്തിന്റെ വ്യവസ്ഥയിൽ സഭ വളരെ നിർണായകമായ

വിഷയമാണെന്ന് ഇതിലൂടെ നാം കാണുന്നു. സഭയെക്കൂടാതെ ക്രിസ്തുവിന് യാതൊന്നും നിറവേറ്റുവാൻ കഴിയുകയില്ല. അവൻ ദൈവത്തിന്റെ നിത്യപദ്ധതി നിർവഹിക്കണമെങ്കിൽ, അവന് സഭ ഉണ്ടായിരിക്കണം.

## C. ആത്മാവിനെ സംബന്ധിച്ച്

ദൈവത്തെ ഏലോഹീമായും യഹോവയായും, ക്രിസ്തുവിനെ യേശുവായും ക്രിസ്തുവായും വെളിപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആത്മാവിനെ സംബന്ധിച്ചുള്ള വെളിപാട് ലളിതമല്ല (മത്താ. 28:19); മറിച്ച്, അതൊരു മർമമാണ്. ദൈവത്തെ സംബന്ധിച്ച വെളിപാടിനുവേണ്ടി വളരെ കുറച്ചു ക്രിസ്ത്യാനികൾ എപ്പോഴും പോരാടിയിട്ടുണ്ടെങ്കിലും, ക്രിസ്തുവിന്റെ വെളിപാടിനുവേണ്ടി അധികം ആരും പോരാടിയിട്ടില്ല. എന്നാൽ നാം ആത്മാവിന്റെ വിഷയത്തിലേക്കു വരുമ്പോൾ, ആത്മാവിന്റെ വെളിപാട് ഒരു മർമമായതുകൊണ്ട് വളരെയധികം തർക്കമുണ്ട്. ആത്മാവ് മാർമികമാണ്, കാരണം അത് ജീവനുമായി ബന്ധപ്പെട്ടിരിക്കുന്നു. ആത്മാവിന്റെ വെളിപാടിന് നിരവധി വശങ്ങളുണ്ട്: സത്യത്തിന്റെ അഥവാ യാഥാർഥ്യത്തിന്റെ ആത്മാവ് (യോഹ. 14:16-17), ജീവന്റെ ആത്മാവ് (റോമ. 8:12). ശക്തിയുടെ ആത്മാവ് (ലൂക്കൊ. 24:49). ദൈവത്തിന്റെ ആത്മാവ് (റോമ. 8:9). ക്രിസ്തുവിന്റെ ആത്മാവ് (റോമ. 8:9). യേശുവിന്റെ ആത്മാവ് (പ്രവൃ. 16:7), യേശു ക്രിസ്തുവിന്റെ ആത്മാവ് (ഫിലി. 1:19), പരിശുദ്ധാത്മാവ് (പ്രവൃ. 5:32), ഏഴ് ആത്മാക്കൾ (വെളി. 1:4; 4:5; 5:6) എന്നിവ.

ജീവന്റെ ആത്മാവും ശക്തിയുടെ ആത്മാവും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്കറിയാമോ? പെന്തക്കോസ്ത് അല്ലെങ്കിൽ കരിസ്മാറ്റിക് എന്ന് വിളിക്കപ്പെടുന്ന പ്രസ്ഥാനങ്ങളിലുള്ളവർ ശക്തിയുടെ ആത്മാവിനെക്കുറിച്ചു സംസാരിക്കുന്നു. അവർക്ക് വാസ്തവമായ ശക്തി ഉണ്ടോ ഇല്ലയോ എന്ന് കർത്താവു മാത്രം അറിയുന്നു. അന്യഭാഷകളിലുള്ള സംസാരം എന്നു പറയപ്പെടുന്നത് ഞാൻ ധാരാളം കേട്ടിട്ടുണ്ടെങ്കിലും ഈ അന്യഭാഷ പറയുന്നവരുടെ വേലയിൽ ഞാൻ ശക്തി കണ്ടിട്ടില്ല. പരിശുദ്ധാത്മസ്നാനം ജനത്തെ ശക്തിപ്പെടുത്തുന്നു. എന്നാൽ ഇന്ന് അന്യഭാഷകൾ സംസാരിക്കുന്നവരെന്നു പറയപ്പെടുന്നവരിൽ അനേകർ അന്യഭാഷകൾ സംസാരിക്കാത്തവരെപ്പോലെതന്നെ ശക്തിയില്ലാത്തവരാണ്. അവർക്ക് ചേർച്ചയില്ലാതെ ജല്പനംചെയ്യുവാനുള്ള ശക്തി ഉണ്ടായിരിക്കാം, എന്നാൽ ദേഹികളെ രക്ഷിക്കുവാനുള്ള ശക്തിയില്ല. ചിലർ ഇങ്ങനെയുള്ള "അന്യഭാഷകൾ" ഒരിക്കലും സംസാരിച്ചിട്ടില്ലെങ്കിലും, അവരുടെ പ്രസംഗത്തിലൂടെ ആയിരക്കണക്കിനു ജനം രക്ഷിക്കപ്പെട്ടിരിക്കുന്നു. അതാണ് യഥാർഥ ശക്തി. കരിസ്മാറ്റിക് പ്രസ്ഥാനമെന്നു

വിളിക്കപ്പെടുന്നതിൽ യഥാർഥ ശക്തി ഇല്ലെന്നു മാത്രമല്ല, അവിടെ ജീവനും ഇല്ല. അന്യഭാഷകളിൽ സംസാരിച്ചതിനുശേഷം അനേകർ തങ്ങളുടെ ഭാര്യമാരോട് പോരാടുവാനോ സിഗരറ്റ് വലിക്കുവാനോ പുറപ്പെടും. ഇത് ജീവനാണോ? അല്ല! ജീവൻ ജനത്തെ രൂപാന്തരപ്പെടുത്തുന്നു. നമുക്ക് ശക്തിയുടെ ആത്മാവിനെയും ജീവന്റെ ആത്മാവിനെയും ആവശ്യമാണ്.

നാം ഇവിടെ ആയിരിക്കുന്നത് യേശുവിന്റെ സാക്ഷ്യത്തിനു വേണ്ടിയാണ്. ഈ സാക്ഷ്യം ഒരു പ്രയോഗമോ ഒരു രൂപമോ അല്ല: ഇതൊരു ജീവനാണ്. അവൻ നമ്മിലേക്കു അധികമായ ജീവനെ പകരുന്നതിന് നാം എത്രമാത്രം അവന് നമ്മെത്തന്നെ തുറന്നുകൊടുക്കണം. നമുക്ക് വസ്തവമായും ക്രിസ്തു നമ്മുടെ ജീവനായി ഉണ്ടെങ്കിൽ, നാം ക്രിസ്തുവിൽ നടക്കുകയും, ജീവിക്കുകയും, പെരുമാറുകയും ചെയ്യും. എന്തുകൊണ്ടാണ് ലേഖനങ്ങൾ ആത്മാവിനെക്കുറിച്ച് ആവർത്തിച്ചു സംസാരിക്കുന്നതെന്ന് നമുക്കിപ്പോൾ മനസ്സിലാക്കുവാൻ കഴിയും. നാം കണ്ടതുപോലെ, വെളിപ്പാട് പുസ്തകം ഏഴ് ആത്മാക്കളെക്കുറിച്ചു സംസാരിക്കുന്നു. സഭാജീവിതത്തിന് തീവ്രവൽക്കരിക്കപ്പെട്ട ഈ ആത്മാവിന്റെ ആവശ്യമുണ്ട്. തീവ്രവൽക്കരിക്കപ്പെട്ട ഈ ആത്മാവിൽനിന്നും യഥാർഥ സഭാജീവിതം നിലവിൽവരുന്നു. ഞാൻ നിർവ്യാജമായ പെന്തക്കോസ്തു വരങ്ങളെ എതിർക്കുന്നില്ലെങ്കിലും, കഴിഞ്ഞ കാലങ്ങളിൽ പെന്തക്കോസ്ത് എന്നു വിളിക്കപ്പെടുന്ന പ്രസ്ഥാനത്തിലൂടെ ശരിയായ ഒരു സഭ പണിയപ്പെട്ടത് ഞാൻ കണ്ടിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുവാൻ എനിക്കു കഴിയും. ഇന്നത്തെ കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനത്തെ നോക്കുക: അത് മറിയയുടെ ആരാധനയാൽ സാന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ പ്രസ്ഥാനം ശരിയാണെങ്കിൽ, എങ്ങനെ അതിന് വിഗ്രഹാരാധനയെ വച്ചുപുലർത്തുവാൻ കഴിയും? വിഗ്രഹാരാധനയെ വച്ചുപുലർത്തുന്നു എന്നത് ഈ പ്രസ്ഥാനം ശരിയല്ല എന്നു തെളിയിക്കുന്നു. അഴുക്കിനെ ഒരു ഹിമഗോളത്തോടു ചേർക്കുവാൻ കഴിയും, എന്നാൽ ഒരു വജ്രത്തോടു ചേർക്കുവാൻ കഴിയുകയില്ല. കരിസ്മാറ്റിക് എന്നു വിളിക്കപ്പെടുന്ന പ്രസ്ഥാനം ഒരു ഹിമഗോളം പോലെയാണ്, അതിനോട് അശുദ്ധമായ വസ്തുക്കളെ ചേർക്കുവാൻ കഴിയും. യഥാർഥവും, ജീവനുള്ളതും, പ്രായോഗികവുമായ സ്ഥലം സഭകളെ ദൈവം ആഗ്രഹിക്കുന്നു എന്നു കാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കപ്പെടണം.

## D. സഭയെ സംബന്ധിച്ച്

സഭയെ സംബന്ധിച്ച വെളിപാടെന്ന, ദിവ്യവെളിപാടിന്റെ അവസാന ഭാഗത്തേക്ക് നാം ഇപ്പോൾ വരുന്നു. ക്രിസ്ത്യാനികൾ

യഥാർഥ സഭ എന്താണെന്നു കാണുന്നത് കൗശലക്കാരനായ സാത്താന് ഇഷ്ടമല്ലാത്തതുകൊണ്ട് സഭയെ അറിയുവാൻ പ്രയാസമാണ്.

## *1. സാർവത്രികസഭ*

ക്രിസ്തുവിന്റെ ശരീരമായ സഭ (1 കൊരി. 12:12-13) സാർവത്രികമായി ഒന്നാണ് (എഫെ. 1:22-23; 4:4-6). നിസ്തുല തലയായ ക്രിസ്തുവിന് അവന്റെ എല്ലാ യഥാർഥ വിശ്വാസികളുമട ങ്ങുന്ന ഒരു നിസ്തുല ശരീരമുണ്ട്.

## *2. സ്ഥലം സഭകൾ*

ക്രിസ്തുവിന്റെ ശരീരമായ സാർവത്രികസഭ സ്ഥലം സഭകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ഏകശരീരത്തിന്റെ ആവിഷ്കാരമെന്ന നിലയിൽ സ്ഥലം സഭകൾ (വെളി. 1:12, 20) സ്ഥലപരമായി ഒന്നാണ് (പ്രവൃ. 8:1; 13:1; റോമ. 16:1; 1 കൊരി. 1:2). വെളിപ്പാട് 1:4 പറയുന്നു, "യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്ക് എഴുതുന്നത്." പുരാതന റോമാസാമ്രാജ്യത്തിലെ ഒരു പ്രവിശ്യയാണ് ആസ്യ; അതിലായിരുന്നു 1:11-ൽ പറഞ്ഞിരിക്കുന്ന ഏഴു പട്ടണങ്ങൾ. ഏഴു സഭകൾ യഥാക്രമം ആ പട്ടണങ്ങളിലാ യിരുന്നു, എല്ലാം ഒരു പട്ടണത്തിലല്ലായിരുന്നു. ഈ പുസ്തകം ഏക സാർവത്രിക സഭയുമായല്ല, പിന്നെയോ നിരവധി പട്ടണങ്ങളിലുള്ള സ്ഥലം സഭകളുമായാണ് ഇടപെടുന്നത്. സഭയെ ഒന്നാമത് മത്തായി 16:18-ൽ സാർവത്രികമായും, പിന്നീട് മത്തായി 18:17-ൽ സ്ഥലപരമായും വെളിപ്പെടുത്തിയിരിക്കുന്നു. യെരൂശലേമിലുള്ള സഭ (8:1), അന്ത്യോക്ക്യയിലുള്ള സഭ (13:1), എഫെസൊസിലുള്ള സഭ (20:17), സുറിയാ, കിലിക്യ എന്നീ പ്രവിശ്യകളിലുള്ള സഭകൾ (15:41) എന്നിങ്ങനെ സ്ഥലം സഭകളുടെ രീതിയിൽ പ്രവൃത്തികളുടെ പുസ്തകത്തിൽ സഭ അനുഷ്ഠിക്കപ്പെട്ടിരുന്നു. ചില വ്യക്തികൾക്ക് എഴുതിയ കുറെ ലേഖനങ്ങളൊഴികെ എല്ലാ ലേഖനങ്ങളും സ്ഥലം സഭകൾക്ക് എഴുതപ്പെട്ടവയാണ്. ഒന്നുപോലും സാർവത്രിക സഭയ്ക്ക് എഴുതിയിരുന്നില്ല. സ്ഥലം സഭകളെക്കൂടാതെ സാർവത്രിക സഭയുടെ പ്രായോഗികതയും വാസ്തവികതയും ഇല്ല. സാർവത്രിക സഭ സ്ഥലം സഭകളിലൂടെ സാക്ഷാൽക്കരിക്കപ്പെടുന്നു. സഭയെ സാർവത്രികമായി അറിയുന്നത് സഭയെ സ്ഥലപരമായി അറിയുന്നതിൽ പരിണമിക്കണം. സ്ഥലം സഭകളെ അറിയുന്നതും അനുഷ്ഠിക്കുന്നതും നമുക്ക് വലിയ പുരോഗതിയാണ്. സഭയെ സംബന്ധിച്ച്, വെളിപ്പാട് പുസ്തകം പുരോഗമിച്ച ഘട്ടത്തിലാണ്, കാരണം അത് സ്ഥലം സഭകൾക്കാണ് എഴുതിയത്. നാം ഈ പുസ്തകത്തെ അറിയണമെങ്കിൽ, നാം സ്വാർവത്രികസഭയെ മനസ്സിലാ ക്കുന്നതിൽനിന്ന് സ്ഥലം സഭകളുടെ സാക്ഷാൽക്കാരത്തിലേക്കും

അനുഷ്ഠാനത്തിലേക്കും പുരോഗമിക്കണം. സ്ഥലം സഭകളിലുള്ളവർ മാത്രമാണ് ഈ പുസ്തകത്തിലെ ദർശനങ്ങൾ കാണുവാൻ ശരിയായ വീക്ഷണകോണോടും ശരിയായ കാഴ്ച്ചപ്പാടോടും കൂടെ ശരിയായ സ്ഥാനത്തായിരിക്കുന്നത്.

1:11-ൽ ഒരു ശബ്ദം യോഹന്നാനോടു പറഞ്ഞു: "നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും, സ്മുർന്നയ്ക്കും, പെർഗ്ഗമൊസിനും, തുയഥൈരയ്ക്കും, സർദ്ദിസിനും, ഫിലദെൽഫ്യയ്ക്കും, ലവൊദിക്യക്കും അയയ്ക്കുക." ഈ വാക്യം വളരെ പ്രധാനപ്പെട്ട ഒരു രീതിയിൽ രചിക്കപ്പെട്ടിരിക്കുന്നു. ഈ വാക്യത്തിൽ "ഏഴു സഭകൾക്ക്" ഈ പുസ്തകം അയയ്ക്കുന്നത് ഏഴു പട്ടണങ്ങളിലേക്ക് അയയ്ക്കുന്നതിനു സമമാണ്. ആദിമനാളുകളിലെ സഭാജീവിതത്തിന്റെ അനുഷ്ഠാനം ഒരു പട്ടണത്തിന് ഒരു സഭ, ഒരു സഭയോടുകൂടിയ ഒരു പട്ടണം, ആയിരുന്നുവെന്ന് ഇതു വ്യക്തമായി കാണിക്കുന്നു. ഒരു പട്ടണത്തിലും ഒന്നിൽ കൂടുതൽ സഭ ഉണ്ടായിരുന്നില്ല. ഇതാണ് പട്ടണംതോറുമുള്ള സ്ഥലം സഭ, തെരുവു തോറുമോ, പ്രദേശം തോറുമോ അല്ല. ഒരു സ്ഥലം സഭയുടെ അധികാരാതിർത്തി സഭ സ്ഥിതിചെയ്യുന്ന മുഴുവൻ പട്ടണത്തെയും ഉൾക്കൊള്ളണം; അത് പട്ടണത്തിന്റെ അതിർത്തിയെക്കാൾ കൂടുതലോ കുറവോ ആയിരിക്കരുത്. ആ അതിർത്തിക്കുള്ളിലെ എല്ലാ വിശ്വാസികളും ആ പട്ടണത്തിനുള്ളിലെ നിസ്തുലമായ ഏക സ്ഥലം സഭയെ സംരചിക്കണം. ഇക്കാരണത്താൽ, ഒരു സഭ ഒരു പട്ടണത്തിനും, ഒരു പട്ടണം ഒരു സഭയ്ക്കും സമമാണ്. ഇതിനെയാണ് നാം സ്ഥലം സഭകൾ എന്നു വിളിക്കുന്നത്.

വെളിപ്പാട് 1:4 "ഏഴു സഭകളെ"ക്കുറിച്ചു സംസാരിക്കുന്നു. ഏഴ് എന്നത് ദൈവത്തിന്റെ സൃഷ്ടിപ്പിനുവേണ്ടിയുള്ള ഏഴു ദിവസങ്ങളും (ഉല്പ. 1:341-2:3), ഭൂമിയിൽ ദൈവത്തിന്റെ നീക്കത്തിനുവേണ്ടിയുള്ള ഏഴു മുദ്രകളും (5:5), ഏഴു കാഹളങ്ങളും (8:2), ഏഴു കലശങ്ങളും (15:7) എന്നപോലെ ദൈവത്തിന്റെ പ്രവർത്തനത്തിലുള്ള പൂർത്തീകരണത്തിനുവേണ്ടിയുള്ള സംഖ്യയാണ്. അങ്ങനെ, ഏഴു സഭകൾ പൂർത്തീകരണത്തിലുള്ള ദൈവത്തിന്റെ നീക്കത്തിനുവേണ്ടിയാണ്.

സഭയ്ക്ക് അതിന്റെ ആവിഷ്കാരം ഉണ്ടായിരിക്കണം. സഭയുടെ ആവിഷ്കാരം ഉണ്ടായിരിക്കാതെ നാം സഭയെക്കുറിച്ചു സംസാരിക്കുന്നുവെങ്കിൽ, നമ്മുടെ സംസാരം പൂർണ്ണമായും സൈദ്ധാന്തികമാണ്; അതു പ്രായോഗികമല്ല. സഭ യഥാർഥവും പ്രായോഗികവുമായിരിക്കുന്നതിന് സ്ഥലം സഭകളുടെ ആവശ്യമുണ്ട്. നിങ്ങൾക്ക് സ്ഥലം സഭകൾ ഇല്ലെങ്കിൽ നിങ്ങൾക്ക് സഭയില്ല. അതുപോലെ, നിങ്ങൾക്ക് അവയവങ്ങളില്ലെങ്കിൽ, നിങ്ങൾക്ക് ശരീരമില്ല. നിങ്ങൾക്ക് സ്ഥലം സഭ ഇല്ലെങ്കിൽ, നിങ്ങൾക്ക് സാർവത്രിക സഭ ഉണ്ടായിരിക്കുവാൻ കഴിയുകയില്ല, മനുഷ്യശരീരം

അതിന്റെ പല അവയവങ്ങളാൽ ചേരുന്നതുപോലെ, സാർവത്രിക സഭ എല്ലാ സ്ഥലം സഭകളും ചേരുന്നതാണ്. സാർവത്രികസഭ മാത്രം ഉണ്ടായിരിക്കുന്നത് ഒരു മായാമേളയിൽ ആയിരിക്കുന്നതുപോലെയാണ്. എന്നാൽ നമുക്ക് പ്രായോഗികതയിലുള്ള സ്ഥലം സഭകളുണ്ട്. സഭ എവിടെയാണെന്നു നമ്മോടു ചോദിച്ചാൽ, നമുക്ക് അനഹേമിലും, സാൻഫ്രാൻസിസ്കോയിലും, ഷിക്കാഗോയിലും, ന്യൂയോർക്കിലും, മററനവധി സ്ഥലങ്ങളിലുമുള്ള സഭകളെ ചൂണ്ടിക്കാണിക്കുവാൻ കഴിയും.

"നിങ്ങൾ സഭയാണെന്നും ഞങ്ങൾ സഭയല്ലെന്നും നിങ്ങൾ എന്തുകൊണ്ടാണു പറയുന്നത്?" എന്നു ചോദിച്ചുകൊണ്ട് ചില ക്രിസ്തീയ സ്നേഹിതർ എന്നോടു തർക്കിച്ചിട്ടുണ്ട്. "നിങ്ങൾ സഭയാണെന്ന് നിങ്ങൾ പറയുന്നുവെങ്കിൽ, ദയവായി നിങ്ങൾ സഭയാണെന്നു കാണിച്ചുതരിക. സഭ എവിടെയാണെന്നു എനിക്ക് കാണിച്ചുതരിക" എന്നു ചിലപ്പോൾ ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്. ഞങ്ങൾ അനേകം മിഷനറിമാരെ അയച്ചിട്ടുണ്ട് എന്നു പറഞ്ഞുകൊണ്ട് ചിലർ പ്രതികരിച്ചിട്ടുണ്ട്. ഉള്ളിൽ ആഴത്തിൽ, അവർ സഭയല്ലെന്ന് അവർക്കറിയാം. വസ്തുത വസ്തുത തന്നെയാണ്. നിങ്ങൾ സഭയാണെങ്കിൽ പിന്നെന്തുകൊണ്ടാണ് നിങ്ങളെത്തന്നെ സഭയെന്നു വിളിക്കാത്തത്? നിങ്ങൾ എന്താണെന്നു നിങ്ങൾക്കറിയാം. നിങ്ങളല്ലാത്തതിനെ നിങ്ങൾ നടിക്കുകയോ ഭാവിക്കുകയോ അരുത്. ഞാൻ ഒരു മനുഷ്യനായതിനാൽ, എന്നെത്തന്നെ ഒരു മനുഷ്യനായി ഞാൻ നിർണയിക്കണം. അല്ലാതെ എനിക്കെന്തു ചെയ്യുവാൻ കഴിയും? 1963-ൽ മിസ്സോറിയിലെ ഒരു സ്ഥലത്ത് സംസാരിക്കുവാൻ എന്നോട് ആവശ്യപ്പെട്ടു. യോഗത്തിന്റെ അവസാനത്ത് ആതിഥേയൻ എഴുന്നേററ് വളരെ നല്ല, വിനയമുള്ള, മര്യാദയുള്ള രീതിയിൽ പറഞ്ഞു, "സഹോദരൻ ലീ, നിങ്ങൾ എന്തുകൊണ്ടാണ് നിങ്ങളെത്തന്നെ ലോസാഞ്ചലസിലെ സഭയാണെന്നു പറയുന്നത് എന്ന് ദയവായി ഞങ്ങളോടു പറയുക." ഞാൻ പറഞ്ഞു, "സഹോദരാ, ഞങ്ങൾ ഞങ്ങളെത്തന്നെ സഭയെന്നു വിളിക്കുന്നില്ലെങ്കിൽ, പിന്നെന്താണ് ഞങ്ങൾ ഞങ്ങളെ വിളിക്കേണ്ടത്? ഞങ്ങൾ സഭ തന്നെയാണ്. ഇതു സത്യം മാത്രമല്ല, വസ്തുതയും ആണ്." നാം എന്താണോ അതാണു നാം. നാം മറെറന്തോ ആയിരിക്കുന്നതിനു നടിക്കുകയോ ഭാവിക്കുകയോ ചെയ്താൽകൂടി, സത്യമായും നാം അതല്ല. അമേരിക്കയിലേക്ക് കർത്താവിന്റെ പ്രത്യുദ്ധാരം വരുന്നതിനുമുമ്പ് ഒരു ക്രിസ്ത്യാനിയും തങ്ങൾ ലോസാഞ്ചലസിലുള്ള സഭയാണെന്നു പറഞ്ഞിരുന്നില്ല. അതുകൊണ്ട്, ഞങ്ങൾ ലോസാഞ്ചലസിലേക്കു വന്നപ്പോൾ, ഞങ്ങളെത്തന്നെ ലോസാഞ്ചലസിലുള്ള സഭയെന്ന് വിളിക്കേണ്ടി വന്നു.

വെളിപ്പാട് 1:20 പറയുന്നു, "എന്റെ വലംകൈയിന്മേൽ നീ കണ്ട ഏഴു നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും മർമം: ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു." ക്രിസ്തുവിന്റെ വലംകൈയിലുള്ള ഏഴു നക്ഷത്രങ്ങളും, ക്രിസ്തുവിനു ചുറ്റുമുള്ള ഏഴു പൊൻനിലവിളക്കുകളും യോഹന്നാൻ കണ്ടപ്പോൾ അത് അവന് ഒരു മർമമായിരുന്നു. ഏഴു സ്വർഗീയ നക്ഷത്രങ്ങളുടെയും ഏഴു പൊൻനിലവിളക്കുകളുടെയും സവിശേഷത അവൻ മനസ്സിലാക്കിയില്ല. തന്മൂലം, "ഏഴു നക്ഷത്രങ്ങൾ ഏഴു സഭകളുടെ ദൂതന്മാരാകുന്നു, ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകുന്നു" എന്നു പറഞ്ഞുകൊണ്ട് കർത്താവ് അവനു മർമം വെളിപ്പെടുത്തി ക്കൊടുത്തു. ഇതിന്റെ സവിശേഷത യോഹന്നാന് ഒരു മർമമാ യിരുന്നുവെന്നു മാത്രമല്ല, ഇന്ന് വിശ്വസികൾക്കും മർമമാണ്. സഭകളെയും അവയുടെ ദൂതന്മാരെയും കാണുന്നതിന് എല്ലാ വിശ്വാസികൾക്കും ഈ മർമത്തിന്റെ അനാവരണം ആവശ്യമുണ്ട്.

പൊൻനിലവിളക്കുകളാൽ സൂചിപ്പിക്കപ്പെടുന്ന സഭകൾ സ്ഥലപ രമായിട്ടാണെങ്കിലും കൂട്ടായി ഇരുണ്ട രാത്രിയിൽ പ്രകാശിക്കുന്ന ദിവ്യപ്രകൃതത്തിലുള്ള "യേശുവിന്റെ സാക്ഷ്യം" ആണ് (1:2, 9). സഭകൾ പൊന്ന് എന്ന ദിവ്യപ്രകൃതത്താലുള്ളതായിരിക്കണം. അവ പ്രത്യേകമായും കൂട്ടായും ഇരുട്ടിൽ പ്രകാശിച്ചുകൊണ്ട്, എണ്ണയോടുകൂടെ (ജീവൻ-നല്കുന്ന ആത്മാവായ ക്രിസ്തു) വിളക്കിനെ വഹിക്കുന്ന വിളക്കുതണ്ടുകൾ, നിലവിളക്കുകൾപോലും ആയിരിക്കണം. അവ സ്ഥലപരമായി ഒറ്റയായ നിലവിളക്കുകളാണെ ങ്കിലും, സാർവത്രികമായി നിലവിളക്കുകളുടെ ഒരു കൂട്ടം, ഒരു ഗണം, ആണ്. അവ സ്ഥലപരമായി പ്രകാശിക്കുക മാത്രമല്ല, പിന്നെയോ സ്ഥലങ്ങൾക്കും പ്രപഞ്ചത്തിനും സാർവത്രികമായി ഒരേ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. അവ ഒരേ പ്രകൃതത്താലുള്ളതും ഒരേ ആകൃതിയിലും ആണ്. അവ ഒരേ ഉദ്ദേശ്യത്തിനുവേണ്ടി ഒരേ വിളക്കു വഹിച്ചും, യാതൊരു വ്യക്തിഗതമായ വ്യതിരിക്തതയുമില്ലാതെ, അന്യോന്യം പൂർണമായി ഏകീഭവിച്ചുമിരിക്കുന്നു. രണ്ടും മൂന്നും അധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലം സഭകളുടെ വ്യത്യാസങ്ങളെല്ലാം പ്രതിലോമപരമായ സ്വഭാവത്തിലാണ്, അനുലോമപരമായ സ്വഭാവത്തിലല്ല. പ്രതിലോമപരമായി, അവയുടെ പരാജയങ്ങളിൽ, അവ വ്യത്യസ്തവും ഒന്നിൽനിന്നു മറ്റൊന്ന് വേർപെട്ടതുമാണ്; എന്നാൽ അനുലോമപരമായി, അവയുടെ പ്രകൃതത്തിലും, ആകൃതിയിലും, ഉദ്ദേശ്യത്തിലും അവ തികച്ചും സമാനവും അന്യോന്യം ബന്ധപ്പെട്ടുമിരിക്കുന്നു. വിശ്വാസികൾക്ക് സാർവത്രിക സഭയെ കാണുവാൻ എളുപ്പമാണ്, എന്നാൽ അവർക്ക് സഭകളെ കാണുവാൻ പ്രയാസമാണ്. സ്ഥലം സഭകളുടെ വെളിപാട് സഭയെ സംബന്ധിച്ചുള്ള കർത്താവിന്റെ

ആത്യന്തിക അനാവരണമാണ്. അത് ഇവിടെ ദിവ്യവചനത്തിന്റെ അവസാനത്തെ പുസ്തകത്തിലാണ് നല്കിയിരിക്കുന്നത്. സഭയെ പൂർണമായി അറിയുന്നതിന്, ഇവിടെ അനാവരണം ചെയ്തിരിക്കുന്നതുപോലെ സ്ഥലം സഭകളെ കാണുവാൻ പ്രാപ്തരാകുന്നതുവരെ, സുവിശേഷങ്ങളിൽനിന്നും ലേഖനങ്ങളിലൂടെ വെളിപാട് പുസ്തകം വരെ വിശ്വാസികൾ കർത്താവിനെ പിന്തുടരണം. വെളിപാടിൽ ആദ്യത്തെ ദർശനം സഭകളെ സംബന്ധിച്ചാണ്. അവയുടെ കേന്ദ്രമായ ക്രിസ്തുവിനോടുകൂടെയുള്ള സഭകൾ ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ നിറവേറലിനുവേണ്ടിയുള്ള ദിവ്യ ഭരണനിർവഹണത്തിലെ ദൃഷ്ടികേന്ദ്രമാണ്.

സ്ഥലം സഭകൾ ഇല്ലായിരുന്നുവെങ്കിൽ, എനിക്ക് ജീവിക്കുവാൻതന്നെ കഴിയുമായിരുന്നില്ല. അതിനേക്കാൾ ഞാൻ മരിക്കുമായിരുന്നു. സ്ഥലം സഭകൾ ഇല്ലെന്നു സങ്കല്പിക്കുക. നാം എന്തു ചെയ്യുമായിരുന്നു? നമുക്ക് ലക്ഷ്യമോ, ലാക്കോ, ഉദ്ദേശ്യമോ ഉണ്ടാകാതിരിക്കുകയും, നമ്മുടെ ക്രിസ്തീയജീവിതം അർഥമില്ലാത്തതായിരിക്കുകയും ചെയ്യുമായിരുന്നു. സ്ഥലം സഭകൾ നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ ലക്ഷ്യവും ലാക്കും അർഥവും ആകുന്നു. നിങ്ങൾ സ്ഥലം സഭാജീവിതം ആസ്വദിക്കുമ്പോൾ, നിങ്ങൾ അതിനെ വളരെയധികം വിലമതിക്കുന്നുണ്ടാവില്ല. എന്നാൽ സഭകളെ എടുത്തുമാറ്റുകയാണെങ്കിൽ, നിങ്ങളുടെ സകല അനുഗ്രഹവും ഉരിഞ്ഞുപോയിരിക്കുന്നുവെന്നു നിങ്ങൾ മനസ്സിലാക്കും. സഭാജീവിതം കൂടാതെ, നമുക്ക് ജീവിക്കുവാൻ കഴിയുകയില്ല, ഇന്ന് ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിന്റെ ലക്ഷ്യവും അർഥവും നാം നഷ്ടമാക്കും.

ദൈവത്തിന്റെ വെളിപാടിന്റെ ഉദ്ദിഷ്ടസ്ഥാനം സ്ഥലം സഭകളാണെന്നു നാം എല്ലാവരും, പ്രത്യേകിച്ചും യുവാക്കൾ, കാണുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ദൈവത്തിന്റെ വെളിപാട് പുരോഗമനാത്മകമായി തുടരുന്നു, അത് അവൻ സ്ഥലം സഭകളിൽ എത്തിച്ചേർന്നപ്പോൾ മാത്രം അവസാനിച്ചു. സ്ഥലം സഭകളാണ് ദൈവത്തിന്റെ ഉദ്ദിഷ്ടസ്ഥാനം. ദൈവം തന്റെ വെളിപാട് സ്ഥലം സഭകളിലേക്കു കൊണ്ടുവന്നിരിക്കുന്നു. സ്ഥലം സഭകൾ വെളിപാടും വെളിച്ചവും സത്യവും കൊണ്ടു നിറഞ്ഞിരിക്കുന്നതിന്റെ കാരണം ഇതാണ്. സഭകൾക്കു വെളിയിൽ വെളിച്ചത്തിന്റെയും വെളിപാടിന്റെയും ഭക്ഷണത്തിന്റെയും കുറവുണ്ട്. എന്നാൽ സഭകൾ ദൈവത്തിന്റെ വെളിപാടിന്റെ ഉദ്ദിഷ്ടസ്ഥാനമായതുകൊണ്ട്, അവ വെളിപാടുകൊണ്ടു നിറഞ്ഞിരിക്കുന്നു. അങ്ങനെ, ദിവ്യവെളിപാടിന്റെ സകല സമ്പത്തും ഇവിടെയുണ്ട്.

നിങ്ങൾ ഇതു കാണുമെങ്കിൽ, നാം സഭയ്ക്കുവേണ്ടി അതിതീക്ഷ്ണതയുള്ളവരല്ലെന്നു നിങ്ങൾ മനസ്സിലാക്കും. നമ്മുടെ ആത്മാവ് ഇതു സാക്ഷ്യപ്പെടുത്തുന്നു. സ്ഥലം സഭകളെ നാം

സാക്ഷ്യപ്പെടുത്താതിരിക്കുമ്പോഴെല്ലാം നമ്മുടെ ആത്മാവ് ചുരുങ്ങുന്നു. നാം ജ്ഞാനമുള്ളവരായി സഭയെ സംബന്ധിച്ച ചർച്ച ഒഴിവാക്കിക്കൊണ്ട് നമുക്കെതിരെയുള്ള എതിർപ്പിനെ ഉണർത്താതിരിക്കുവാൻ ശ്രമിക്കുമ്പോഴെല്ലാം, ഉള്ളിൽ പെട്ടെന്നു മരിച്ചവരാകുന്നു. എന്നാൽ സ്ഥലം സഭയെക്കുറിച്ച് നാം ധൈര്യത്തോടെ സംസാരിക്കുമ്പോൾ നാം ഉത്തേജിപ്പിക്കപ്പെടുകയും, നമ്മുടെ ആത്മാവ് ജീവനുള്ളതും എരിയുന്നതുമായിരിക്കുകയും, നമുക്ക് ആർപ്പിടുവാനും നിലവിളിക്കുവാനും ഗർജ്ജിക്കുവാൻപോലും തോന്നുകയും ചെയ്യുന്നു. ജനത്തെ നീരസപ്പെടുത്താതിരിക്കുന്നതു നല്ലതെന്നു ഞാൻ മനസ്സിലാക്കുന്നു. എന്നാൽ, ജനത്തെ നീരസപ്പെടുത്താതിരിക്കുവാൻ ഞാൻ ശ്രമിക്കുമ്പോൾ ഞാൻ കർത്താവിനെ നീരസപ്പെടുത്തുന്നു. സ്ഥലം സഭകൾ കർത്താവിന്റെ ഉദ്ദിഷ്ടസ്ഥാനമാണെന്നു ഞാൻ ജനത്തോടു ശക്തമായി പറയുമ്പോൾ, കർത്താവ് എന്നോടുകൂടെ ഉണ്ടെന്നു ഞാൻ അനുഭവമാക്കുന്നു. മുഴുവൻ വേദപുസ്തകമനുസരിച്ച് മനുഷ്യപുത്രനായ ക്രിസ്തു സ്ഥലം സഭകളുടെ നടുവിലാണ് നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾ ക്രിസ്തുവിനെ അന്വേഷിക്കുന്നുവെങ്കിൽ, നിങ്ങൾ സ്ഥലം സഭകളിലേക്കു വരണം. മനുഷ്യപുത്രൻ സഭകളുടെ നടുവിൽ നീങ്ങുകയും അവയെ കരുതുകയും ചെയ്യുന്നു. ഈ കരുതലിൽ നിങ്ങൾ പങ്കുള്ളവരാകണമെങ്കിൽ, നിങ്ങൾ സ്ഥലം സഭകളിലായിരിക്കണം. ഇന്നു നമ്മുടെ ഭാരം ദൈവത്തിന്റെ ജനത്തെ അവന്റെ ലക്ഷ്യത്തിലേക്കു കൊണ്ടുവരിക എന്നതും, നമ്മുടെ ഉദ്ദേശ്യം വിശുദ്ധന്മാരെ ദൈവത്തിന്റെ ഉദ്ദിഷ്ടസ്ഥാനത്തിൽ എത്തിക്കുക എന്നതും ആണ്.

സ്ഥലം സഭകളിലേക്കു നാം വരുന്നതിനുമുമ്പ് നാം ചുറ്റി അലയുന്നവരായിരുന്നു. നാം വീട്ടിൽ വന്നു എന്നോ, നമ്മുടെ ഉദ്ദിഷ്ടസ്ഥാനത്ത് എത്തി എന്നോ നമുക്ക് ബോധ്യമുണ്ടായിരുന്നില്ല. എന്നാൽ നാം സ്ഥലം സഭകളിലേക്കു വന്ന ദിവസം നാം വീട്ടിൽ വന്നുവെന്നു നാം തിരിച്ചറിഞ്ഞു. വർഷങ്ങളോളം ചുറ്റി അലഞ്ഞതിനുശേഷം, അവസാനം നാം ഉദ്ദിഷ്ടസ്ഥാനത്ത് എത്തിച്ചേർന്നുവെന്നു നാം മനസ്സിലാക്കി. നാം ആദ്യം സ്ഥലം സഭാജീവിതത്തിലേക്കു വന്നപ്പോൾ, "ഇതാണ് ഇടം" എന്ന് ഉള്ളിൽ ആഴത്തിൽ പറയുകയും, നാം വീട്ടിലെത്തിയെന്ന് അറിയുകയും ചെയ്തു. നമ്മുടെ ഉദ്ദിഷ്ടസ്ഥാനത്തു നാം എത്തിച്ചേർന്നതുകൊണ്ട് നാം ഇനിയും യാത്ര ചെയ്യേണ്ട ആവശ്യമില്ല. അന്വേഷകരായ അനേകം ക്രിസ്ത്യാനികൾ ഇന്ന് യാത്ര ചെയ്യുന്നവരാണ്; അവർ ഒരു വിഭാഗത്തിൽനിന്നോ ഗ്രൂപ്പിൽനിന്നോ മറ്റൊന്നിലേക്ക് യാത്രചെയ്യുന്നു. എന്നാൽ നാം സഭാജീവിതത്തിലേക്കു വന്ന ദിവസം നമ്മുടെ ചുറ്റിയലയലുകൾ അവസാനിച്ചു. സ്ഥലം

സഭകളെയാണ് ദൈവം ഇന്ന് ആഗ്രഹിക്കുന്നത്. ഇതാണ് അവന്റെ വെളിപാടിന്റെ അവസാനത്തെ കേന്ദ്രം. നമ്മുടെ ആവശ്യം സ്ഥലം സഭാജീവിതം നയിക്കുക എന്നതു മാത്രമാണ്. നാം ഒരു സംഘടന അല്ലെന്നതാണ് നമ്മുടെ സാക്ഷ്യം—നാം ക്രിസ്തുവിന്റെ ശരീരത്തിന്റെ സ്ഥലപരമായ ആവിഷ്കാരമാണ്.

Mon

## II. ദൈവത്തിന്റെ പ്രത്യക്ഷതയുടെ പുരോഗതി

ദൈവം ക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും ആവിഷ്കരിക്കപ്പെടുകയും ചെയ്തു (യോഹ. 1:1, 14; 1 തിമൊ. 3.16; കൊലൊ. 2:9), ക്രിസ്തു ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും അനുഭവമാക്കപ്പെടുകയും ചെയ്യുന്നു (യോഹ. 14:16-17; 1 കൊരി. 15:45; 2 കൊരി. 3:17; റോമ. 8:10; ഫിലി. 1:19). ക്രിസ്തുവിന്റെ നിറവായ ശരീരമായ സഭയുടെ ഘടകം തന്നെ ആത്മാവാണ് (എഫെ. 1:22-23; 1 കൊരി. 12:12). ഇപ്പോൾ ക്രിസ്തുവിന്റെ ശരീരം എല്ലാ സ്ഥലം സഭകളിലും ആവിഷ്കരിക്കപ്പെടുന്നു, കാരണം സ്ഥലം സഭകളാണ് സാർവത്രിക സഭയുടെ ആവിഷ്കാരങ്ങൾ (1:11-12). സ്ഥലം സഭകൾ ശരീരത്തിന്റെ ആവിഷ്കാരവും, ശരീരം ജീവൻ-നല്കുന്ന ആത്മാവെന്ന നിലയിൽ ക്രിസ്തുവിന്റെ സാക്ഷാൽക്കാരവും, ക്രിസ്തു ദൈവത്തിന്റെ ദേഹരൂപവും ആണ്. അങ്ങനെ, സ്ഥലം സഭകളിൽ നമുക്ക് ദൈവവും, ക്രിസ്തുവും, ആത്മാവും, സഭയും ഉണ്ട്. ഇതുകൊണ്ടാണ് സ്ഥലം സഭകൾ വളരെ സമ്പന്നമായിരിക്കുന്നത്. ദൈവത്തെ തന്റെ ഉദ്ദേശ്യത്തോടുകൂടെ നിങ്ങൾക്ക് എവിടെ സന്ധിക്കുവാൻ കഴിയും? സ്ഥലം സഭകളിൽ. ക്രിസ്തുവിനെ തന്റെ സകല സമ്പത്തോടുംകൂടെ നിങ്ങൾക്ക് എവിടെ നേടുവാൻ കഴിയും? സ്ഥലം സഭകളിൽ. തീവ്രവൽക്കരിക്കപ്പെട്ട ജീവൻ-നല്കുന്ന ആത്മാവിൽ നിങ്ങൾക്ക് എവിടെ പങ്കുകൊള്ളുവാൻ കഴിയും? സ്ഥലം സഭകളിൽ. നിങ്ങൾക്ക് എവിടെ ശരീരത്തിന്റെ പ്രായോഗിക ഭാഗമായിരിക്കുവാൻ കഴിയും? സ്ഥലം സഭകളിൽ. സ്ഥലം സഭകൾ നമുക്ക് എല്ലാമാണ്! ഹല്ലേലൂയ്യാ! ആമേൻ! നാം ഇനി ചുറ്റി അലയുന്നവരല്ല—നാം സ്ഥലം സഭകളിലുള്ള ജനമാണ്! നാം നമ്മുടെ ഉദ്ദിഷ്ടസ്ഥാനത്ത് എത്തിച്ചേരുകയും വീട്ടിൽ വരികയും ചെയ്തിരിക്കുന്നു! നാം നിത്യതയോളം വീട്ടിലായിരിക്കുന്നു! ഇവിടെ സഭകളിൽ നമുക്ക് തന്റെ ഉദ്ദേശ്യത്തോടുകൂടെ ദൈവവും, തന്റെ സമ്പത്തോടുകൂടെ ക്രിസ്തുവും, തീവ്രവൽക്കരിക്കപ്പെട്ട ജീവൻ-നല്കുന്ന ആത്മാവും, ശരിയായ സഭാജീവിതവും ഉണ്ട്. ഇവിടെ വേദപുസ്തകം തുറന്നിരിക്കുന്നു എന്നു മാത്രമല്ല—അത് യഥാർഥവുമാണ്. സ്ഥലം സഭകൾക്കായി ഹല്ലേലൂയ്യാ! നമുക്ക് വാസ്തവമായും സന്തോഷിച്ചുല്ലസിക്കുവാൻ ചിലതുണ്ട്!

ദൈവത്തിന്റെ വെളിപാട് ദൈവത്തോടുകൂടെത്തന്നെ ആരംഭിക്കുകയും, സ്ഥലം സഭകൾ എന്ന അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതുവരെ ക്രിസ്തുവിനോടും ആത്മാവോടുംകൂടെ

തുടരുകയും ചെയ്യു. സ്ഥലം സഭകളെക്കൂടാതെ നമുക്ക് ദിവ്യവെളിപാടിന്റെ ലക്ഷ്യമില്ല. ഇവിടെ യെഹൂദന്മാരുടെയും, നിരവധി ക്രിസ്ത്യാനികളുടെയും, ആത്മികരെന്നു വിളിക്കപ്പെടുന്ന അനേകരുടെയും ഇടയിലുള്ള കുറവ് സ്പഷ്ടമാണ്. യെഹൂദന്മാർക്ക് ദൈവവും, മിക്കവാറും ക്രിസ്ത്യാനികൾക്ക് ദൈവവും ക്രിസ്തുവും, മെച്ചപ്പെട്ട ക്രിസ്ത്യാനികൾക്ക് ആത്മാവും ഉണ്ടെങ്കിലും, വളരെ കുറച്ചു ക്രിസ്ത്യാനികൾക്കേ സ്ഥലം സഭകളിലുള്ള ശരിയായ സഭാജീവിതം ഉള്ളൂ. ഇന്ന് സ്ഥലം സഭകളിൽ നമുക്ക് ദൈവവും, ക്രിസ്തുവും, ആത്മാവും, സഭയും ഉണ്ട്.

ദൈവത്തിന്റെ പ്രത്യക്ഷതയുടെ പുരോഗതിയുടെ ഫലം സഭയാണ്. ദൈവം ക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും, ക്രിസ്തു നമുക്കു ജീവൻ-നല്കുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും അനുഭവമാക്കപ്പെടുകയും, ആത്മാവ് സഭകളിൽ പരിണമിക്കുകയും ചെയ്യുന്നു. ക്രിസ്തുവിനെ ജീവൻ-നല്കുന്ന ആത്മാവായി നാം അനുഭവമാക്കുകയും അനുഭവിച്ചറിയുകയും ചെയ്യുമ്പോൾ, ഫലം സഭാജീവിതമാണ്. സഭ ക്രിസ്തുവിന്റെ നിറവായ ശരീരമാണ്. ഈ വെളിപാടിന്റെ പുരോഗതി ദൈവവും, ക്രിസ്തുവും, ആത്മാവും, സഭയും, സ്ഥലം സഭകളും ആണ്. ഇതാണ് വിശുദ്ധവചനത്തിലുള്ള ദൈവത്തിന്റെ വെളിപാട്. ഇതിൽ, നാം എങ്ങനെ ദൈവത്തെ അനുഭവിച്ചറിയുന്നുവെന്നും, അവൻ എങ്ങനെ വാസ്തവമായി ആവിഷ്കരിക്കപ്പെടുകയും വെളിവാക്കപ്പെടുകയും ചെയ്യുന്നുവെന്നും നമുക്കു കാണുവാൻ കഴിയും.

ദൈവം ഒന്നാമത് ജഡാവതാരമെടുക്കുവാൻ, ക്രിസ്തുവിൽ ദേഹരൂപമെടുക്കുവാനുള്ള പടി എടുത്തു. നിങ്ങൾക്ക് ദൈവത്തെ സന്ധിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ, നിങ്ങൾ ക്രിസ്തുവിനെ സന്ധിക്കണം. നിങ്ങൾക്ക് ദൈവത്തിന്റെ അടുക്കൽ വരുവാൻ ആഗ്രഹമുണ്ടോ? എങ്കിൽ നിങ്ങൾ ക്രിസ്തുവിന്റെ അടുക്കൽ വരണം. ക്രിസ്തുവിനു വെളിയിൽ, ദൈവത്തെ സ്പർശിക്കുന്നത് അസാധ്യമാണ്. ദൈവം യേശു ക്രിസ്തു എന്നു പേരുള്ള പ്രായോഗികനും യഥാർഥവാനുമായ ഒരു മനുഷ്യനിൽ ദേഹരൂപമെടുത്തു. നിങ്ങൾ അവനെ സന്ധിക്കുമ്പോൾ, നിങ്ങൾ ദൈവത്തെ സന്ധിക്കുന്നു. നിങ്ങൾ അവനെ സ്പർശിക്കുമ്പോൾ, ദൈവത്തെ സ്പർശിക്കുന്നു. നിങ്ങൾ അവനെ നേടുമ്പോൾ, ദൈവത്തെ നേടുന്നു. നിങ്ങൾ അവനെ സ്വീകരിക്കുമ്പോൾ, ദൈവത്തെ സ്വീകരിക്കുന്നു, കാരണം അവൻ ദൈവത്തിന്റെ ദേഹരൂപമാണ്. ഈ ക്രിസ്തു നമ്മാൽ ജീവൻ-നല്കുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും അനുഭവമാക്കപ്പെടുകയും ചെയ്യുന്നു. അവൻ നമ്മുടെ രക്ഷകനും, നമ്മുടെ വീണ്ടെടുപ്പുകാരനും, നമ്മുടെ കർത്താവും, നമ്മുടെ വിശുദ്ധിയും, നമ്മുടെ നീതയും മാത്രമല്ല; അവൻ സാക്ഷാൽ ജീവൻ-നല്കുന്ന ആത്മാവാണ്. അവൻ

നമ്മുടെ രക്ഷകനും, വീണ്ടെടുപ്പുകാരനും, കർത്താവുമായിരിക്കുന്നത് ജീവൻ-നല്കുന്ന ആത്മാവായിരിക്കുന്നതിനു വേണ്ടിയാണ്. നമുക്കിന്ന് വാസ്തവമായും പ്രായോഗികമായും ഉള്ളത് ജീവൻ-നല്കുന്ന ആത്മാവാണ്. മിക്ക ക്രിസ്ത്യാനികൾക്കും വളരെ നിർണ്ണായകമായ ഈ കാര്യം നഷ്ടമായിരിക്കുന്നു, കാരണം കൗശലക്കാരനായ ശത്രു ഈ കാര്യം മറച്ചുവയ്ക്കുവാൻ അവനാലാവോളം ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ജീവൻ-നല്കുന്ന ആത്മാവായ ക്രിസ്തുവിനെ സംബന്ധിച്ച് ഞങ്ങൾ അനേകം ദൂതുകൾ നല്കുകയും നിരവധി പുസ്തകങ്ങൾ അച്ചടിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ചില ക്രിസ്ത്യാനികൾ ഇതു കാണുന്നില്ല. മറിച്ച്, അവർ അതിനെ എതിർക്കുന്നു. ഇതാണ് ശത്രുവിന്റെ കൗശലം.

ക്രിസ്തു നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനും കർത്താവും മാത്രമായിരുന്നുവെങ്കിൽ, എങ്ങനെ പ്രായോഗികമായി സഭ ഉളവാക്കപ്പെടുവാൻ കഴിയും? രക്ഷകൻ നേരിട്ട് സഭയെ ഉളവാക്കുന്നില്ല; കർത്താവും നേരിട്ട് സഭയെ ഉളവാക്കുന്നില്ല. സഭ ഉളവാക്കപ്പെടണമെങ്കിൽ, ക്രിസ്തു ജീവൻ-നല്കുന്ന ആത്മാവായിരിക്കേണ്ടത് ആവശ്യമാണ്. ജീവൻ-നല്കുന്ന ആത്മാവായി ക്രിസ്തുവിനെ അറിയുന്നതിൽ നാം നമ്മുടെ ചിന്താഗതിയിൽ ആശ്രയിക്കരുത്, കാരണം ഇതു മനസ്സിലാക്കുവാൻ നമ്മുടെ ചിന്താഗതി വളരെ പരിമിതമാണ്. ഇതു പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്കു കഴിയില്ലെങ്കിലും, നമുക്ക് അത് അനുഭവിക്കുവാൻ കഴിയും. നിങ്ങൾ ആസ്വദിക്കുന്ന ക്രിസ്തു നിങ്ങളുടെ ഉള്ളിൽ ജീവൻ-നല്കുന്ന ആത്മാവാണെന്ന് നിങ്ങളുടെ ദൈനംദിന അനുഭവം സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തു അത്ഭുതവാനും, മാർമികനും, അപരിമേയനും, അപ്രമേയനുമായിരിക്കുന്നു എന്ന് മാത്രമല്ല, നാം ഓരോ ദിവസവും ആസ്വദിക്കുന്ന ഭക്ഷണംപോലും നമ്മുടെ അറിവിന് അപ്പുറമാണ്. നമ്മുടെ മനസ്സിനെ വ്യായാമം ചെയ്യുന്നതിലൂടെ നമുക്ക് ഭക്ഷണത്തെ അറിയുവാൻ കഴിയില്ലെങ്കിലും നമ്മുടെ അനുഭവത്താൽ അതിന്റെ രുചി അറിയുവാൻ നമുക്കു കഴിയും. നമ്മുടെ അനുഭവത്താൽ, ഭക്ഷണം എന്താണെന്ന് നമുക്കറിയാം. ദൈവശാസ്ത്രപരമായ സംസാരത്തിന് ശ്രദ്ധ നല്കരുത്. ഈ സംസാരത്തിൽ മുഴുകുന്നവർ അവരുടെ മനസ്സിനെ അതിയായി വ്യായാമം ചെയ്യുന്നതിലൂടെ കുടുങ്ങിയിരിക്കുന്നു. നാം ദിവ്യവെളിപാടിലുള്ള നിർമല വചനത്തിനുവേണ്ടിയും, നമ്മുടെ വ്യക്തിപരവും പ്രായോഗികവുമായ അനുഭവത്തിനുവേണ്ടിയും മാത്രം കരുതുന്നു. ഓരോ ദിവസവും നാം ആസ്വദിക്കുന്ന സാക്ഷാൽ ക്രിസ്തു ജീവൻ-നല്കുന്ന ആത്മാവാണെന്ന് നമ്മുടെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. നിങ്ങളുടെ ഉള്ളിൽ ജീവിക്കുന്നവന്റെ യാഥാർഥ്യം നിങ്ങൾക്കില്ലേ? ഇതാണ് നമ്മുടെ ആത്മാവിൽ നാം ആസ്വദിക്കുകയും, അനുഭവമാക്കുകയും, പങ്കുകൊള്ളുകയും ചെയ്യുന്ന സാക്ഷാൽ

ക്രിസ്തു. ഇതാണ് ക്രിസ്തു തന്നെയായ ജീവൻ-നല്കുന്ന ആത്മാവ്. അങ്ങനെ, ദൈവം ക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും, ക്രിസ്തു നമ്മിൽ ജീവൻ-നല്കുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും അനുഭവമാക്കപ്പെടുകയും ചെയ്യുന്നു.

ഈ അനുഭവം സഭയിൽ പരിണമിക്കുന്നു. ഈ രീതിയിൽ നാം എത്രയധികം ക്രിസ്തുവിനെ അനുഭവമാക്കുന്നുവോ അത്രയുമധികം നാം സഭയെ വാഞ്ഛിക്കുന്നു. ഈ അനുഭവം ഉള്ളിൽ ആഴത്തിൽ ഒരു വിശപ്പും ദാഹവും സൃഷ്ടിക്കുന്നു. മുമ്പ്, നാം സ്ഥലം സഭകളിലല്ലാതിരുന്നപ്പോൾ, നാം എന്തിനുവേണ്ടി വിശപ്പും ദാഹവും ഉള്ളവരായിരുന്നുവെന്ന് നമുക്ക് വ്യക്തമാക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ സഭയിലേക്കു വന്നതിനുശേഷം, ക്രിസ്തുവിലുള്ള നമ്മുടെ അനുഭവം സഭാജീവിതത്തിനുവേണ്ടി ഒരു വിശപ്പും ദാഹവും സൃഷ്ടിച്ചിട്ടുണ്ടെന്ന് നാം തിരിച്ചറിഞ്ഞു. നാം സഭാജീവിതത്തിലേക്കു വന്നപ്പോൾ, നമ്മുടെ വിശപ്പിനും ദാഹത്തിനും തൃപ്തിവന്നു. ഈ തൃപ്തി നമ്മുടെ ഉള്ളിൽ ക്രിസ്തുവിന്റെ ആഴമേറിയ വിലമതിക്കൽ സൃഷ്ടിക്കുകയും, ഇത് അവനെ കൂടുതൽ കൂടുതൽ ആസ്വദിക്കുവാൻ ഇടയാക്കുകയും ചെയ്യുന്നു. നാം ക്രിസ്തുവിനെ എത്രയധികം ആസ്വദിക്കുന്നുവോ, അത്രയുമധികം നാം സഭാജീവിതത്തിനുവേണ്ടി വാഞ്ഛിക്കുകയും; സഭാജീവിതത്തിനുവേണ്ടി എത്രയധികം വാഞ്ഛിക്കുന്നുവോ, അത്രയുമധികം സഭയിലേക്കു പ്രവേശിക്കുകയും; സഭയിലേക്കു എത്രയധികം പ്രവേശിക്കുന്നുവോ, അത്രയുമധികം ക്രിസ്തുവിനെ നാം വിലമതിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. ഇത് മഹത്വകരമായ ഒരു ചക്രമാണ്; നാം അതിലാണെന്ന് നമുക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

ഈ ശുശ്രൂഷയുടെ ഉദ്ദേശ്യം വിശുദ്ധന്മാർക്ക് അറിവു നല്കുക എന്നതല്ല. ഇത് ദൈവത്തിന്റെ വെളിപാട് കാണുവാൻ വിശുദ്ധന്മാരുടെ കണ്ണും, മനസ്സും, ഹൃദയവും, ആത്മാവും തുറക്കുവാൻ അവരെ സഹായിക്കുന്നതിനാണ്. നാം ശുശ്രൂഷിക്കുന്നതെല്ലാം നമ്മുടെ അനുഭവത്തോടു യോജിക്കുന്നു. ജീവൻ-നല്കുന്ന ആത്മാവായ ക്രിസ്തുവിന്റെ ശരിയായ അനുഭവത്തിൽനിന്നു വരുന്ന യേശുവിന്റെ സാക്ഷ്യത്തിനുവേണ്ടിയാണ് ഇന്നു നാം ഇവിടെ ആയിരിക്കുന്നത്. അങ്ങനെ, ദൈവം ക്രിസ്തുവിൽ ദേഹരൂപമെടുത്തുവെന്നും, ക്രിസ്തു ജീവൻ-നല്കുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും അനുഭവമാക്കപ്പെടുകയും ചെയ്യുന്നുവെന്നും, ജീവൻ-നല്കുന്ന ആത്മാവായ ക്രിസ്താനുഭവം സഭാജീവിതത്തിൽ പരിണമിക്കുന്നുവെന്നും ഒരിക്കൽകൂടെ ഞാൻ പറയുന്നു. സഭ ക്രിസ്തുവിന്റെ ആവിഷ്കാരവും നിറവുമായ ശരീരമാണ്. അതുപോലെ, അതിന് അതിന്റെ സ്ഥലപരമായ ആവിഷ്കാരങ്ങൾ ഉണ്ടായിരിക്കണം. സാർവത്രിക സഭ ക്രിസ്തുവിന്റെ നിറവായ ശരീരവും, സ്ഥലം സഭകൾ ഈ

സാർവത്രിക സഭയുടെ ആവിഷ്കാരങ്ങളും ആണ്. നാം ഇന്ന് ഈ ആവിഷ്കാരങ്ങളിലാണ്. ഹല്ലേലൂയ്യാ!

## III. ദൈവത്തിന്റെ വെളിപാട് കാണുവാനും ദൈവത്തിന്റെ പ്രത്യക്ഷത മനസ്സിലാക്കുവാനുമുള്ള മാർഗം

### A. ദൈവത്തിങ്കലേക്ക് വേർപെട്ടിരിക്കുക

ദൈവത്തിന്റെ വെളിപാടു കാണുന്നതിനും അവന്റെ പ്രത്യക്ഷതയെ മനസ്സിലാക്കുന്നതിനും നാം ദൈവത്തിങ്കലേക്ക് വേർപെട്ടിരിക്കേണ്ടത് ആവശ്യമാണ്. അപ്പൊസ്തലനായ യോഹന്നാൻ പത്മൊസ് ദ്വീപിൽവച്ച് ദൈവത്തിങ്കലേക്ക് പൂർണ്ണമായി വേർപെട്ടിരുന്നു (1:9). അവൻ തുറന്ന സ്വർഗത്തിലേക്കും (4:1) വലുതും ഉയർന്നതുമായ മലയിലേക്കും (21:) കൊണ്ടുവരപ്പെടുകയും, അങ്ങനെ ദൈവത്തിന്റെ വെളിപാട് കാണുകയും ദൈവത്തിന്റെ പ്രത്യക്ഷത മനസ്സിലാക്കുകയും ചെയ്തു. ഇന്ന് സഭയെക്കുറിച്ച് സംസാരിക്കുന്ന നിരവധി ക്രിസ്ത്യാനികൾ സ്ഥലം സഭകളെ കാണുന്നില്ല, അതിന്റെ മുഖ്യമായ കാരണം അവർ ദൈവത്തിങ്കലേക്ക് വേർതിരിക്കപ്പെട്ടിട്ടില്ല എന്നതാണ്.

### B. മനുഷ്യാത്മാവിലായിരിക്കുക

വെളിപ്പാട് 1:10 പറയുന്നു, "കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു." വെളിപ്പാട് പുസ്തകം ദൈവത്തിന്റെ തീവ്രവൽക്കരിക്കപ്പെട്ട നീക്കത്തിനുവേണ്ടിയുള്ള ഏഴിരട്ടി തീവ്രവൽക്കരിക്കപ്പെട്ട ആത്മാവായ ദൈവാത്മാവിനു മാത്രമല്ല ഊന്നൽ നല്കുന്നത്, പിന്നെയോ ദൈവത്തിന്റെ നീക്കത്തെ മനസ്സിലാക്കുവാനും അതിനോടു പ്രതികരിക്കുവാനുമുള്ള അവയവമായ നമ്മുടെ മനുഷ്യാത്മാവിനും ഊന്നൽ നല്കുന്നു. (നമ്മുടെ) ആത്മാവിനു മാത്രമേ (ദൈവത്തിന്റെ) ആത്മാവിനോടു പ്രതികരിക്കുവാൻ കഴിയുകയുള്ളൂ. വെളിപ്പാട് പുസ്തകം നാലു മുഖ്യമായ ദർശനങ്ങൾ അടങ്ങുന്നതാണ്: സഭകളുടെ ദർശനം (1—3 അധ്യായങ്ങൾ); ലോകത്തെക്കുറിച്ചുള്ള ദൈവകല്പിതത്തിന്റെ ദർശനം (4—16 അധ്യായങ്ങൾ); മഹാബാബിലോണിന്റെ ദർശനം (17—20 അധ്യായങ്ങൾ); പുതിയ യെരൂശലേമിന്റെ ദർശനം (21—22 അധ്യായങ്ങൾ). ഈ നാലു ദർശനങ്ങൾ കാണുന്നതിന്, ക്രിസ്തുവിന്റെ മർമത്തിന്റെ വെളിപാടിനുവേണ്ടി എഫെസ്യർ 3:5-ൽ പരാമർശിച്ചിരിക്കുന്നതുപോലെ ("ആത്മാവിനാൽ" എന്നത് യവനഭാഷയിൽ "ആത്മാവിൽ" എന്നാണ്) യോഹന്നാൻ തന്റെ ആത്മാവിലായിരുന്നു (1:10; 4:2; 17:3; 21:10). ഈ പുസ്തകത്തിലെ ദർശനങ്ങൾ കാണുന്നതിന് നാമും നമ്മുടെ ആത്മാവിലായിരിക്കണം. ഇത് മാനസികമായ വെറും അറിവിന്റെ

വിഷയമല്ല, പിന്നെയോ ആത്മികമായ സാക്ഷാൽക്കാരമാണ്. ഈ പുസ്തകത്തിലെ ഒന്നാമത്തെ ദർശനമായ, സഭകളെ സംബന്ധിച്ച ദർശനത്തിൽ, വളരെ പ്രത്യേകമായ വിധത്തിൽ, മുമ്പൊരിക്കലും വെളിപ്പെടുത്തിയിട്ടില്ലാത്തവണ്ണം, ക്രിസ്തുവിനെയും സഭകളുടെ ദൂതന്മാരെയും സഭകളോടൊപ്പം വെളിപ്പെടുത്തിയിരിക്കുന്നു. ഇതിന് വിശ്വാസികൾക്ക് അവരുടെ ആത്മാവിൽ പ്രത്യേകമായ ഒരു ദർശനം ആവശ്യമാണ്.

ഈ വാക്യത്തിലെ കർത്തൃദിവസം കർത്താവ് ഉയിർത്തെഴുന്നേറ്റ ദിവസമായ ആഴ്ചയുടെ ഒന്നാം ദിവസമായിരിക്കണം (യോഹ. 20:1). ആദ്യകാല സഭ ഈ ദിവസത്തിൽ കൂടിവരുമായിരുന്നു (പ്രവൃ. 20:7; 1 കൊരി. 16:2). ഈ ദിവസമായിരുന്നു ദൈവത്തിന്റെ ദർശനം കാണുന്നതിന് യോഹന്നാൻ ആത്മാവിലായിരുന്നത്. സ്ഥലം സഭകളുടെ വെളിപാട് കാണുന്നതിന് നമ്മുടെ വാദിക്കുന്ന മനസ്സിൽനിന്നും നമ്മുടെ കാണുന്ന ആത്മാവിലേക്ക് നാം തിരിയേണ്ടത് ആവശ്യമാണ്. വാദിക്കുന്ന മനസ്സിൽ നിലനിൽക്കുന്നത് സഭകളുടെ ദർശനത്തെ ചിന്താക്കുഴപ്പത്തിലാക്കുന്നു.

## C. കർത്താവിന്റെ ശബ്ദം കേൾക്കുക

സ്ഥലം സഭകളെ സംബന്ധിച്ച ഉപദേശം മാത്രമേ ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നുള്ളൂവെങ്കിൽ അവർ ദർശനം കാണണമെന്നില്ല. എല്ലാ ക്രിസ്ത്യാനികളും കർത്താവിന്റെ ശബ്ദം, തൽസമയത്തുള്ളതും ജീവനുള്ളതുമായ സംസാരം, കേൾക്കണം. കർത്താവിന്റെ ശബ്ദം സ്ഥലം സഭകളുടെ ദർശനത്തിലേക്ക് നമ്മെ വഴിനടത്തുന്നു.

## D. കർത്താവിന്റെ ശബ്ദത്തിലേക്കു തിരിയുക

വെളിപ്പാട് 1:12 പറയുന്നു, "എന്നോടു സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളെ കണ്ടു." എന്തിനെയെങ്കിലും കാണണമെങ്കിൽ ശരിയായ വീക്ഷണകോണോടുകൂടെ ശരിയായ സ്ഥാനം ആവശ്യമാണ്. അപ്പൊസ്തലനായ യോഹന്നാൻ ആദ്യം ശബ്ദം കേൾക്കുകയും (വാ. 10), ശബ്ദത്തെ കാണുവാൻ തിരിഞ്ഞപ്പോൾ പൊൻനിലവിളക്കുകളെ കാണുകയും ചെയ്തു. അവൻ ശരിയായ സ്ഥാനത്തായിരുന്നെങ്കിലും, സഭകളെ സംബന്ധിച്ച ദർശനം കാണുന്നതിന് അവന് അപ്പോഴും ശരിയായ വീക്ഷണകോൺ ആവശ്യമായിരുന്നു; അങ്ങനെ, അവൻ തിരിഞ്ഞു. ഇന്ന് നമ്മെ സംബന്ധിച്ചും അങ്ങനെതന്നെയാണ്. അനേകം ക്രിസ്ത്യാനികളും അവരുടെ സ്ഥാനത്തിൽ ക്രമീകരിക്കപ്പെടുകയും സഭകളുടെ ദർശനം കാണേണ്ടതിന് തിരിയുകയും ചെയ്യേണ്ടത് ആവശ്യമാണ്.